# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5022 30/06/2014-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധന - തുറമുഖ വകുപ്പിലെ പദ്ധതി നിർവ്വഹണം

| ചോദ്യം<br>ശ്രീ. വി. ശശി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യബന്ധന തുറമുഖ വകുപ്പിൽ ഓരോ ഹെഡിലും സാമ്പത്തിക വർഷാവസാനങ്ങളിലുണ്ടായിട്ടുള്ള തുകകളുടെ കണക്ക് ലഭ്യമാക്കുമോ; | (എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് - പോർട്ട്/ഫിഷറീസ് സെക്ടറിൽ നോൺ പ്ലാൻ/പ്ലാൻ ശീർഷകങ്ങളിൽ സാമ്പത്തിക വർഷാവസാനങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം (എ) ആയി ചേർക്കുന്നു.<br><br>ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതവും ഓരോ ഹെഡ്ഡിലും സാമ്പത്തിക വർഷാവസാനത്തിൽ ഉണ്ടായിട്ടുള്ള തുക സംബന്ധിച്ച വിശദാംശവും അനുബന്ധം (ബി) ആയി ചേർക്കുന്നു.<br><br>തുറമുഖ വകുപ്പിന് ഓരോ ഹെഡ്ഡിലും സാമ്പത്തിക വർഷാവസാനത്തിൽ ഉണ്ടായിട്ടുള്ള തുക സംബന്ധിച്ച വിശദാംശം അനുബന്ധം (സി) ആയി ചേർക്കുന്നു.<br><br>മത്സ്യബന്ധന വകുപ്പിൽ ഓരോ ഹെഡ്ഡിലും അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധം (ഡി) ആയി ചേർക്കുന്നു. |
| (ബി) ഇക്കാലയളവിൽ ഭരണാനുമതി നൽകിയിട്ടും നിർവ്വഹണം ആരംഭിക്കാത്ത എത്ര പദ്ധതികൾ ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ; | (ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് ഫിഷറീസ് മേഖലയിൽ നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുടെ വിശദാംശം (അനുബന്ധം ഇ) ആയി ചേർക്കുന്നു.<br><br>ഭരണാനുമതി നൽകിയിട്ടും ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ ആസ്ഥാന മന്ദിരത്തിന്റെ പണി ഒരു സമീപവാസിയുടെ എതിർപ്പ് കാരണം നിർത്തി വച്ചിരിക്കുകയാണ്. ആയതിനാൽ തുക ചെലവാക്കാൻ കഴിഞ്ഞില്ല. കൊല്ലം മറൈൻ സർവ്വെയർ ഓഫീസിന്റെ നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വർക്ക് ടെൻഡർ ചെയ്യുന്നതിന് കാലതാമസം നേരിട്ടതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |

തുറമുഖ വകുപ്പിന് ഭരണാനുമതി നൽകിയിട്ടും നിർവ്വഹണം ആരംഭിക്കാത്ത പദ്ധതികൾ.

2012-2013

1. അഴീക്കൽ വെയ് ബ്രിഡ്ജ് നിർമ്മാണം
2. ബേപ്പൂരിൽ വാച്ച് ടവർ സെക്യൂരിറ്റി റൂം നിർമ്മാണം
3. ബേപ്പൂരിൽ ടൈപ്പ് - 2 ഓഫീസ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണം.
4. അഴീക്കലിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്
5. കൊടുങ്ങല്ലൂരിൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2013-14

1. ചെറുവത്തൂരിൽ ഓഫീസ് നിർമ്മാണം
2. മഞ്ചേശ്വരത്ത് സിഗ്നൽ സ്റ്റേഷൻ നിർമ്മാണം.
3. വലിയതുറയിൽ മാരിടം മ്യൂസിയം നിർമ്മാണം
4. തലശ്ശേരിയിൽ മാരിടൈം മ്യൂസിയം നിർമ്മാണം
5. വലിയതുറയിൽ കടൽപ്പാലത്തിന് റാമ്പ് നിർമ്മിക്കൽ
6. വലിയ തുറയിൽ കടൽപ്പാലത്തിന് കൈവരി നിർമ്മിക്കൽ
7. കൊല്ലത്തേയ്ക്ക് എൽ.പി.ജി ട്രാൻസ്പോർട്ടേഷൻ ആരംഭിക്കുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി എങ്കിലും എൽ.പി.ജി പോലെ അപകട സാധ്യതയുള്ള ചരക്കുകൾ ജലമാർഗത്തിലൂടെ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ഒരു കൺസൾട്ടന്റിനെ കൊണ്ട് പഠനം നടത്തിയിട്ട് പ്രസ്തുത റിപ്പോർട്ട് കിട്ടിയതിനുശേഷം പദ്ധതി തുടങ്ങിയാൽ മതിയെന്നു തീരുമാനിച്ചു.
8. നീണ്ടകര, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും പുസ്തകങ്ങളും, വാങ്ങുന്നതിനായി ഭരണാനുമതി നൽകി. രണ്ടു തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതേ ഉള്ളൂ. അതിനാൽ നിർമ്മാണം പൂർത്തിയായതിനു ശേഷം പഠനോപകരണങ്ങൾ വാങ്ങിയാൽ മതിയെന്നു തീരുമാനിച്ചു.

9. വലിയതുറയിൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയെങ്കിലും പ്രസ്തുത പ്രവൃത്തി തുടങ്ങിയിട്ടില്ല. ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം പ്രസ്തുത പ്രവൃത്തി ചെയ്താൽ മതി എന്നതാണ് നിലവിലുളള തീരുമാനം.

10. ആലപ്പുഴ ബ്രേക്ക് വാട്ടർ, ട്രെസിൽ, പാസഞ്ചർ ടെർമിനൽ എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. എന്നാൽ പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് മുന്നോടിയായുളള എഫ്.ഐ.എ സ്റ്റഡി നടന്നുവരുന്നതേയുളളൂ. പ്രസ്തുത സ്റ്റഡി പൂർത്തീകരിച്ചെങ്കിൽ മാത്രമേ നിർമ്മാണ പ്രവൃത്തി തുടങ്ങുവാൻ സാധിക്കുകയുളളൂ.

മത്സ്യബന്ധന വകുപ്പിൽ 3 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടും നിർവ്വഹണം ആരംഭിച്ചിട്ടില്ല. അവ താഴെ പറയും പ്രകാരമാണ്.

1. 2010-11 വർഷത്തിൽ മത്സ്യഫെഡ് വഴി നടപ്പാക്കാനുദ്ദേശിച്ച ഫിഷ്ഫീഡ് മിൽ, ആറാട്ടുപുഴ പദ്ധതി അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

2. ഫിർമ വഴി നടപ്പാക്കാനുദ്ദേശിച്ച് റീഹാബിലിറ്റേഷൻ ഓഫ് ജൈന്റ് ഫ്രഷ് വാട്ടർ പ്രോൺ ഇൻ വളപട്ടണം റിവർ എന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

3. നിഫാം ലൈബ്രറി ഹാൾ, ട്രെയിനിംഗ് ഹാൾ, ഹോസ്റ്റൽ കെട്ടിടം എന്നിവയുടെ നിർമ്മാണത്തിന് 2013-14 കാലയളവിൽ ഭരണാനുമതി ലഭിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) നബാർഡിൽ നിന്നും 2012-13, 2013-14 വർഷങ്ങളിൽ എന്ത് തുക മത്സ്യബന്ധന - തുറമുഖ വകുപ്പിന് ലഭിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്ക് അവ വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ?

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ വിവിധ പദ്ധതികൾക്കായി 1111.42 ലക്ഷം രൂപ നബാർഡിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 2013-14 വർഷത്തിലും വിവിധ പദ്ധതികൾക്കായി 1770.79 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം (എഫ്) ആയി ചേർക്കുന്നു.

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന് 2012-13, 2013-14 വർഷങ്ങളിൽ നബാർഡിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

തുറമുഖ വകുപ്പ്- നീണ്ടകരയിലും കൊടുങ്ങല്ലൂരിലും നിർമ്മിക്കുന്ന കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നിർമ്മാണത്തിനായി നബാർഡിൽ നിന്നും 593.30 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി എങ്കിലും 2013-14 സാമ്പത്തിക വർഷമാണ് തുറമുഖ വകുപ്പിന് പ്രസ്തുത തുക ലഭിച്ചത്. പ്രസ്തുത തുക മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു.

മത്സ്യബന്ധന വകുപ്പിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ 120 പദ്ധതികൾക്കായി 123.82 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. കുടിവെള്ള പദ്ധതിയ്ക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 3.53 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്